**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 765** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും ജീവനക്കാർക്ക് ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലെയും സംഘങ്ങളിലെയും ജീവനക്കാർക്കായി ഏതെല്ലാം ഇൻഷ്വറൻസ് പദ്ധതികളാണ് നിലവിലുള്ളതെന്നും പ്രസ്തുത വിഭാഗം ജീവനക്കാർക്കായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പുതിയ ഇൻഷ്വറൻസ് പദ്ധതികൾ ഏതെല്ലാമാണെന്നും അറിയിക്കുമോ; | (എ) | സഹകരണ ബാങ്കുകളിലെയും, സംഘങ്ങളിലെയും ജീവനക്കാർക്ക് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ഗ്രൂപ്പ് പെഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (GPAIS), സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (SLI), ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (GIS) എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സഹകരണ ബാങ്കുകളിലേയും സംഘങ്ങളിലേയും ജീവനക്കാർക്കായി മെഡിക്കൽ ഇൻഷ്വറൻസ്/റീ-ഇംപേഴ്സ്മെന്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ രീതിയിലുള്ള മെഡിക്കൽ ഇൻഷ്യൂറൻസ് പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ചിട്ടുള്ള കരട് സ്കീം ഗവൺമെന്റിന്റെ പരിഗണനയിലാണ്. വിശദമായ ചർച്ചകൾക്കും, പരിശോധനകൾക്കും ശേഷം പദ്ധതി പ്രാവർത്തികമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ